# അഗാപെ കൈയ്യെഴുത്തു മാസിക



**VOLUME-II**

**Email id: agape.magasine@gmail.com**

# CONTENTS

1. INDEX
2. THE RETURNING OF JESUS CHRIST
3. SAVINGS FOR ETERNITY
4. THE TWELVE SPIES
5. QUIZ
6. STORY- THREE TREES

# അഗാപെ കൈയ്യെഴുത്തു മാസിക




Email id: agape.magasine@gmail.com


## മുഖവുര.

ദൈവ നാമത്തിന് വീണ്ടും സ്തോത്രം ചെയ്യുന്നു. തുടർന്നും നിങ്ങളുടെ അടുക്കലേക്ക് കടന്നു വരുവാൻ സാധിച്ചതിൽ അതിയായ് സന്തോഷിക്കുന്നു. കഴിഞ്ഞ മാസം ഈ കൈയ്യെഴുത്ത് മാസിക അനേകർക്ക് അയച്ചു കൊടുക്കുവാൻ സാധിച്ചു. അനേകർ അഭിപ്രായങ്ങൾ അറിയിച്ചു. ഇതിന്റെ പുറകിൽ ദൈവ സ്നേഹത്തിൽ സഹായിക്കുന്നവരോട് നന്ദി അറിയിക്കുന്നു.

ഇതിൽ വായിക്കുന്നത് ഒന്നും പുതുമയായി തോന്നുമെന്ന് അവകാശപ്പെടുന്നില്ല. എന്നിരുന്നാലും ക്രിസ്തുവിൽ നമ്മെ ഒന്നു ഉണർത്തുവാൻ... തിരുത്തു വരുത്തിയ സ്ഥലങ്ങളിൽ നമുക്ക് ഒന്നു തിരിഞ്ഞു ചിന്തിക്കുവാൻ സാധിച്ചാൽ അതിലുപരി ഒരാളെങ്കിലും മാനസാന്തരത്തിലേക്കു വന്നാൽ.... ആത്മാവിന്റെ വില സർവ്വലോകത്തെക്കാളും വിലയേറിയതാകുമ്പോൾ... നമ്മെ നിത്യതയിലേക്ക് നയിക്കപ്പെടുവാൻ ഇതും കാരണമാകട്ടെ എന്ന് ആശിക്കുന്നു.

നാം വിശ്വസിച്ച സമയത്തെക്കാൾ രക്ഷ ഇപ്പോൾ നമുക്ക് അധികം അടുത്തിരിക്കുന്നു. രാത്രി കഴിവാറായി പകൽ അടുത്തിരിക്കുന്നു; അതുകൊണ്ടു നാം ഇരുട്ടിന്റെ പ്രവൃത്തികളെ വെച്ചുകളഞ്ഞു വെളിച്ചത്തിന്റെ ആയുധവർഗ്ഗം ധരിച്ചുകൊൾക. [റോമർ 13:11-12] നാളെയെന്നു വിചാരിപ്പാൻ നമുക്കു മുൻപിൽ സമയമില്ല. ജീവിതത്തെ ദൈവത്തിന് സമർപ്പിച്ചു കൊടുക്കാം. സർവ്വകൃപാലുവായ കർത്താവ് നമ്മെ സകലത്തിലും വഴിനടത്തട്ടെ...

# അഗാപെ കൈയ്യെഴുത്തു മാസിക




**Email id: agape.magasine@gmail.com**

## യേശു കർത്താവിന്റെ മടങ്ങി വരവ്...

ദൈവനാമത്തിന് വീണ്ടും സ്തോത്രം ചെയ്യുന്നു. കഴിഞ്ഞ മാസം നാം ചിന്തിച്ചത് മനുഷ്യനെ ഭൂമിയിൽ സൃഷ്ടിച്ചതും അവനോടു കൂടെ വസിപ്പാൻ ദൈവം എത്രമാത്രം ആഗ്രഹിക്കുന്നു എന്നതുമാണ്. എന്നാൽ ഇപ്രാവശ്യം ലോകാവസാനത്തിലേക്ക് അടുക്കുന്നതിൽ യേശു കർത്താവിന്റെ മടങ്ങിവരവിനെകുറിച്ച് അല്പമായി ചിന്തിക്കാം.

യേശു കർത്താവ് തന്റെ ശിഷ്യന്മാരോട് തന്റെ മടങ്ങിവരവിനെകുറിച്ച് പറഞ്ഞത് മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ നോഹയുടെ കാലത്തെ പോലെയും ലോത്തിന്റെ കാലത്തെപ്പോലെയും ആകും എന്നാണ്. [ലൂക്കൊസ് 17: 26-30] നോഹ പെട്ടകത്തിൽ കയറിയ നാൾ വരെ അവർ തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹത്തിനു കൊടുത്തും പോന്നു. ജലപ്രളയം വന്നു എല്ലാവരെയും നശിപ്പിക്കുവോളം വരെ അവർ അറിഞ്ഞതുമില്ല.

ഈ വാക്യം ചിന്തിക്കുമ്പോൾ ഇതിൽ യാതൊരു തെറ്റും നാം കാണുന്നില്ല. തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹത്തിനു കൊടുത്തും. എന്നാൽ ഉല്പത്തി പുസ്തകം 6-ാം അദ്ധ്യായം നാം പഠിക്കുമ്പോൾ കാണുന്നു ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതെന്നും അവന്റെ ഹൃദയവിചാരങ്ങളുടെ നിരൂപണമൊക്കെയും എല്ലായ്പോഴും ദോഷമുള്ളതത്രേ എന്നും യഹോവ കണ്ടു. ഭൂമി ദൈവത്തിന്റെ മുമ്പാകെ വഷളായിപ്പോയി. ഭൂമി അതിക്രമം കൊണ്ടു നിറഞ്ഞിരിക്കുന്നു. സകലജഡവും ഭൂമിയിൽ തന്റെ വഴി വഷളാക്കിയിരിക്കുന്നു.

തങ്ങളുടെ ബോധിച്ച രീതിയിൽ നടക്കുന്നു എന്നതാണ് നോഹയുടെ കാലത്തെ ഒന്നാമത്തെ പ്രത്യേകത. എല്ലാ കാര്യങ്ങളിലും തങ്ങളുടെ ബോധിച്ച പ്രകാരം നടക്കുന്നു. ദൈവവുമായി ആലോചന കഴിക്കാതെ സകലവും തന്റെ ഇഷ്ടത്തിനു ചെയ്യുന്നു. അവർ തിന്നതും കുടിച്ചതും വിവാഹം കഴിച്ചതും വിവാഹത്തിനു കൊടുത്തതും തങ്ങൾക്ക് ബോധിച്ച പ്രകാരം ആയിരുന്നു.

ഈ കാലത്തിലും അതു തന്നെയല്ലേ നടക്കുന്നത്. ദൈവമക്കൾ എന്ന പേർ പറയുന്ന നാം തന്നെ ഈ മേൽ പറഞ്ഞ കാര്യത്തിൽ ദൈവത്തോട് ആലോചന കഴിക്കാറുണ്ടോ? യേശുവിന് നമ്മുടെ ജീവിതത്തിൽ സ്ഥാനം ഉണ്ടോ? നമ്മുടെ ഇഷ്ടപ്രകാരം അല്ലേ നാം നടക്കുന്നത്. ദൈവത്തിൽ നിന്ന് നാം കേൾക്കാറുണ്ടോ? എന്ത് കഴിക്കണമെന്ന്, എന്തു കുടിക്കണമെന്ന്, എങ്ങനെ പണം ചിലവാക്കണമെന്ന്. ആരെ വിവാഹം കഴിക്കണമെന്ന്, നമ്മുടെ മക്കളെ എന്തു വിദ്യാഭ്യാസം ചെയ്യിക്കണമെന്ന്? നമ്മൾ എന്തു വസ്ത്രം ധരിക്കണമെന്ന്. നാം ഇതുവരെ കർത്താവിനോട് ആലോചന ചോദിച്ചിട്ടുണ്ടോ? അപ്പോൾ നാം നോഹയുടെ കാലത്തെക്കാൾ എന്തു വ്യത്യാസം ആണ് ഉള്ളത്. നാം നമ്മുടെ ബോധിച്ച രീതിയിൽ അല്ലേ നടക്കുന്നത്.

പൗലോസ് അപ്പോസ്തലൻ പറയുന്നു അന്ത്യകാലത്തു മനുഷ്യർ സ്വസ്നേഹികളും മാതാപിതാക്കളെ അനുസരിക്കാത്തവരും വമ്പു പറയുന്നവരും ഉദ്ധതന്മാരും, വാത്സല്യമില്ലാത്തവരും, കനിവറ്റവരും ആയിത്തീരുമെന്ന്.

എന്നാൽ നോഹയുടെ കാലത്തെ മറ്റാരും ചെയ്യാത്ത നോഹയ്ക്കു ദൈവത്തിന്റെ കൃപ ലഭിച്ചു എന്നുള്ളതാണ്. തനിക്ക് തന്റെ കുടുംബത്തെ പൂർണ്ണമായും രക്ഷിക്കുവാൻ കഴിഞ്ഞു. പാപത്തിന്റെ അവസ്ഥയിൽ ലോകം മുമ്പോട്ടു പോകുമ്പോൾ നോഹയ്ക്ക് കൃപ ലഭിച്ചതു പോലെ ഈ അന്ത്യകാലത്തും ചിലരുടെ മേലും ദൈവത്തിന്റെ കൃപ ലഭിക്കുന്നു. അനേകരെ നിത്യ ശിക്ഷാവിധിയിൽ നിന്നു കർത്താവിന്റെ മനസ്സലിവു വലിച്ചെടുക്കുന്നു. റോമർക്ക് എഴുതിയ ലേഖനത്തിൽ നാം കാണുന്നു പാപം പെരുകിയിടത്തു കൃപ അത്യന്തം വർദ്ധിച്ചു. ഈ ലോകത്തിന്റെ അവസാന സമയത്ത് പാപം അതിന്റെ പാരമ്യത്തിൽ നിൽക്കുമ്പോൾ. ചിലരുടെ മേലും ദൈവത്തിന്റെ അഭിഷേകം പകരുന്നു. അവർക്ക് കൃപ ലഭിക്കുന്നു. എന്നാൽ നിഗളിക്കുകയോ വീണുപോകാതെ ലഭിച്ച കൃപ അനേകരെ നേടുവാൻ നമുക്ക് വിനിയോഗിക്കാം.

നമ്മുടെ തിരക്കേറിയ ജീവിതത്തിൽ യാതൊന്നിനും നമുക്ക് സമയം തികയുന്നില്ല. ഈ ലോകം നമ്മെ അങ്ങനെയാക്കിയിരിക്കുന്നു എന്നുള്ളതാണ് സത്യം. ലോകം വളർന്നു കൊണ്ടിരിക്കുന്നു. സാങ്കേതിക മേഖലകൾ അതിന്റെ ഉച്ചസ്ഥിതിയിലായിരിക്കുന്നു. മനുഷ്യന്റെ കൈകൾക്ക് അസാദ്ധ്യമായത് ഒന്നും ഇല്ലെന്ന് അവൻ ധരിച്ചിരിക്കുന്നു. ബന്ധങ്ങൾക്ക് യാതൊരു വിലയുമില്ലാതെയാകുന്നു. അനുകമ്പയോട് സംസാരിക്കുന്നവർ പോലും പിന്നെ തിരിഞ്ഞ് ചിരിക്കുന്നു. പണം കൊണ്ട് നേടുവാൻ കഴിയാത്തതായി ഒന്നുമില്ലാതിരിക്കുന്നു. കുടുംബബന്ധങ്ങൾ ചതിക്കപ്പെടുന്നതാകുന്നു. മക്കൾ മാതാപിതാക്കളെ സ്നേഹിക്കാത്തവരാകുന്നു. മാതാപിതാക്കൾ വാത്സല്യം ഇല്ലാത്തവരും കനിവില്ലാത്തവരും ആയിത്തീരുന്നു. മനുഷ്യ ജീവന് യാതൊരുവിലയും കല്പിക്കുന്നില്ല. ലോത്തിന്റെ കാലത്തിൽ നിന്നും നോഹയുടെ കാലത്തിൽ നിന്നും നമുക്കും യാതൊരു വ്യത്യാസവും ഇല്ല.

ഒരുക്കത്തെ കുറിച്ച് ചിന്തപോലും ഇല്ലാത്ത ഒരു തലമുറ. മടങ്ങിവരുവാൻ ആഗ്രഹമില്ലാത്ത തലമുറ. പത്തു കന്യകമാരുടെ ഉപമയിൽ കർത്താവ് നമ്മോടു പറയുന്നത് അഞ്ചു പേർ ബുദ്ധിയുള്ളവരായി വിളക്കോടു കൂടി എണ്ണയും എടുത്തു. ബുദ്ധിയില്ലാത്തവർ വിളക്കിന്റെ കൂടെ എണ്ണ എടുത്തില്ല. മണവാളൻ എപ്പോൾ വരുമെന്ന് അറിയുന്നില്ല. മണവാളൻ താമസിക്കുമ്പോൾ എല്ലാവരും മയക്കം പിടിച്ചു ഉറങ്ങി തുടങ്ങി. അർദ്ധരാത്രിക്കോ മണവാളൻ വരുന്നു. എതിരേല്പാൻ എന്ന ആർപ്പു വിളി ഉണ്ടായി... [മത്തായി 25:1-13]


നമ്മുടെ തലമുറയും ഈ സ്ഥിതിയിൽ അല്ലേ? മണവാളൻ താമസിക്കുന്നു എന്നു പറഞ്ഞ് മയക്കം പിടിച്ച് ഉറങ്ങുകയല്ലേ? അല്ലെങ്കിൽ ഈ ലോകം തരുന്ന സുഖങ്ങളിൽ മുഴുകി രസിക്കുകയല്ലേ. നാം ഉറങ്ങിയാലും ഉണർന്നിരുന്നാലും ഈ ലോകത്തിന്റെ അന്ധകാര വലയത്തിൽ ആയിരുന്നാലും മണവാളൻ തന്റെ സമയത്ത് വരും. ബുദ്ധിയുള്ള കന്യകമാരെ പോലെ അവനു വേണ്ടി ഒരുങ്ങിയിരുന്നവർ നിത്യതയിൽ പ്രവേശിക്കും.

അവനെ എതിരേല്പിൻ എന്നുള്ള ആർപ്പുവിളി ഉണ്ടാകുമ്പോൾ നാം ഏതു സ്ഥിതിയിൽ ആയിരിക്കുമെന്ന് നമുക്ക് തീരുമാനിക്കാം. എണ്ണ കടം ചോദിക്കുന്നവരുടെ കൂട്ടത്തിലോ മണവറയിൽ പ്രവേശിക്കുന്നവരുടെ കൂട്ടത്തിലോ?

നോഹയുടെയും ലോത്തിന്റെയും കാലത്തെ പോലെ സകലരും തങ്ങൾക്ക് ബോധിച്ച പ്രകാരം നടക്കുമ്പോൾ നമുക്ക് സകലത്തിലും യേശുവിനോട് ആലോചന ചോദിക്കാം. അവന്റെ മറുപടിക്കായ് കാത്തിരിക്കാം. പരിശുദ്ധാത്മാവ് സകല സത്യത്തിലേക്കും നമ്മെ വഴിനടത്തട്ടെ....

എബ്രായർ 10:37-39. "ഇനിയും എത്രയും അല്പകാലം കഴിഞ്ഞിട്ടു വരുവാനുള്ളവൻ വരും താമസിക്കുകയില്ല; എന്നാൽ "എന്റെ നീതിമാൻ വിശ്വാസത്തിൽ ജീവിക്കും; പിന്മാറുന്നു എങ്കിൽ എന്റെ ഉള്ളത്തിന്നു അവനിൽ പ്രസാദമില്ല." നാമോ നാശത്തിലേക്കു പിന്മാറുന്നവരുടെ കൂട്ടത്തിലല്ല, വിശ്വസിച്ചു ജീവരക്ഷ പ്രാപിക്കുന്നവരുടെ കൂട്ടത്തിലത്രേ ആകുന്നു.

# അഗാപെ കൈയ്യെഴുത്തു മാസിക




Email id: agape.magasine@gmail.com

## നിത്യതയിലെ നിക്ഷേപം...

സകല ലോകത്തിന്റെയും രക്ഷകനായ യേശു കർത്താവ് തന്റെ ഐഹിക ജീവിതകാലത്ത് തന്റെ ശിഷ്യൻമാരോട് ഈ ലോകത്തിലെ ജീവിതത്തെക്കുറിച്ചും ഇനിയും വരുവാനുള്ള നിത്യതയെക്കുറിച്ചും ഉപദേശിച്ചു.

മോശെ മുഖാന്തിരം കല്ലിൽ എഴുതി അക്ഷരത്തിൽ ലഭിച്ച പ്രമാണം അക്ഷരികമായി കഠിനത മൂലം അവർക്ക് അനുസരിക്കുവാൻ സാധിക്കാതെ പോയപ്പോൾ, വചനം ജഡമായി തീർന്നു നമ്മുടെ ഇടയിൽ പാർത്ത് നമ്മെ ഉപദേശിച്ച് പാപങ്ങൾക്ക് പരിഹാരം ഉണ്ടാക്കിയതിന് ശേഷം ആത്മാവെന്ന മറ്റൊരു കാര്യസ്ഥനെ നമ്മെ സകല സത്യത്തിലേക്കും വഴിനടത്തേണ്ടതിന് നമുക്ക് നല്കി ഉയരത്തിൽ മഹിമയുടെ വലതുഭാഗത്ത് നമുക്കായി ഒരു അഭിഭാഷകനായിരിക്കുന്ന യേശു ഒരു ന്യായാധിപനായി വരുന്നു.

മറ്റൊരുത്തനിലും രക്ഷയില്ല, ആകാശത്തിൻ കീഴെ ഭൂമിക്കു മീതെ രക്ഷിക്കപ്പെടുവാൻ യേശു എന്ന നാമമല്ലാതെ വേറെന്നില്ല. എന്നിരിക്കെ കർത്താവ് നമുക്കു നല്കിയ ഉപദേശങ്ങളെ കല്പനകളെ നാം ലഘുകരിച്ച് അതിനെ വേറൊരു തലത്തിലേക്ക് കൊണ്ടുപോകുന്നു. തന്റെ ഉപദേശങ്ങളെ അനുസരിക്കുവാൻ മനസ്സില്ലാത്തതു മൂലം നാം അതിനെ ലഘുകരിക്കുന്നു. ഈ കാര്യം ചെയ്താൽ അത് തെറ്റാകുമോ?, അറിയാതെ ചെയ്താൽ പാപമാകുമോ? ഒരു പ്രാവശ്യം ചെയ്താൽ തെറ്റാകുമോ? നമ്മുടെ ദൈവം ക്ഷമിക്കുന്നവനല്ലേ?. അനുസരിക്കുവാൻ നമുക്കു മനസ്സില്ലാതിരിക്കുമ്പോൾ അതായത് ലോകത്തിന്റെ എല്ലാ സുഖങ്ങളും വേണം, എന്നാൽ നിത്യതയിൽ പ്രവേശിക്കുകയും വേണം.

കർത്താവു പറഞ്ഞ ചില കാര്യങ്ങൾ നമ്മുടെ ചിന്തക്കായി കുറിക്കട്ടെ. "സകല ദ്രവ്യാഗ്രഹവും സൂക്ഷിച്ചു ഒഴിഞ്ഞുകൊൾവിൻ, ഒരുത്തനു സമൃദ്ധി ഉണ്ടായാലും അവന്റെ വസ്തുവകയല്ല അവന്റെ ജീവന് ആധാരമായിരിക്കുന്നത്". ഈ ലോകത്തിലെ പണത്തിലും പ്രശസ്തിയിലും മതിമറന്ന് സകലവിധ ദ്രവ്യാഗ്രഹങ്ങളെയും മോഹിക്കുകയാണ് നാം.

ധനവാൻ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതിനെക്കാൾ ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നതു എളുപ്പം. കർത്താവ് പറഞ്ഞത് ഈ ലോകത്തിന്റെ ധനസമൃദ്ധിയിൽ മതിമറക്കുന്നവർ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കയില്ല എന്നാണ്. ധനവാന്റെയും ലാസറിന്റെയും ഉപമയിൽ കർത്താവ് നമ്മെ വ്യക്തമായി കാണിക്കുന്ന ചിന്ത അതാണ്. ധനവാൻ അവിടെ വേറെ ഒന്നും ചെയ്തതായി നാം കാണുന്നില്ല. എന്നാൽ മരിച്ചു അവർ ചെന്നത് ഒരാൾ പാതാളത്തിലും ഒരാൾ അബ്രാഹാമിന്റെ മടിയിലും. ധനവാൻ ചോദിക്കുമ്പോൾ അബ്രാഹാം പറയുന്നുണ്ട്. നീ ലോകത്തിൽ ആയിരുന്നപ്പോൾ ലോകത്തിന്റെ സുഖത്തിൽ ആയിരുന്നു. ഇന്ന് ലാസർ അങ്ങനെയല്ല.

ഒന്നാമതായി നാം ചിന്തിക്കേണ്ട കാര്യം അവനിൽ പൂർണ്ണമായും വിശ്വസിക്കുക എന്നുള്ളതാണ്. മറ്റ് ആരെങ്കിലും അടിച്ചേൽപ്പിക്കുമ്പോൾ ഉണ്ടാകുന്നതല്ല. നാളെയെക്കുറിച്ച് വ്യാകുലപ്പെടുമ്പോൾ നാം അവന്റെ വാഗ്ദാനം ഓർക്കണം, നിങ്ങളുടെ തലയിലെ മുടിപോലും എണ്ണം എണ്ണിയിരിക്കുന്നു. ആകയാൽ ഭയപ്പെടേണ്ട.....

നാളെയെക്കുറിച്ച് വ്യാകുലപ്പെട്ട് സ്വരൂപിച്ചു വെക്കുന്നവരോട് യേശുകർത്താവ് പറയുന്നു. ഈ രാത്രിയിൽ നിന്റെ പ്രാണനെ ചോദിച്ചാൽ നീ സ്വരുക്കൂട്ടിയത് ആർക്കാകും. സ്വരൂപിച്ച് വെക്കുന്ന ഈ പണത്തെ കർത്താവ് വിളിക്കുന്നത് അനീതിയുള്ള മാമോനെന്നാണ്. സ്വരൂപിച്ചു വെക്കുന്നവരെ വിളിക്കുന്നത് മൂഢാ എന്നാം, ദൈവവിഷയമായി സമ്പന്നനാകുക എന്നുള്ളതാണ് കർത്താവ് നമ്മെ ഓർപ്പിക്കുന്നത്. നിങ്ങൾക്ക് ഉള്ളത് വിറ്റ് ഭിക്ഷ കൊടുപ്പിൻ കള്ളൻ അടുക്കുകയോ പുഴു കെടുക്കയോ ചെയ്യാത്ത സ്വർഗ്ഗത്തിൽ പഴകിപ്പോകാത്ത മടിശ്ശീലകളും തീർന്നുപോകാത്ത നിക്ഷേപങ്ങളും നിങ്ങൾക്ക് ഉണ്ടാക്കിക്കൊൾവിൻ.

ഇയ്യോബ് ഈ സമ്പത്തിനെക്കുറിച്ച് പറയുന്ന ഒരു കാര്യം എത്ര അർത്ഥവത്താകുന്നു. നഗ്നനായി ഞാൻ ഈ ലോകത്തിൽ വന്നു, നഗ്നനായി തന്നെ മടങ്ങിപ്പോകും. ഒന്നും ഞാൻ കൊണ്ടു വന്നിട്ടില്ല. ഒന്നും കൊണ്ടു പോകുന്നതുമില്ല.

നാം സകലവിധ ദ്രവ്യാഗ്രഹങ്ങളിലും കുശുമ്പിലും അസൂയയിലും കോപത്തിലും ചിന്തകളിലും, അസ്വസ്ഥതയിലും, നിരാശയിലും, വ്യാകുലതയിലും ഒക്കെ അകപ്പെടുമ്പോൾ ചിന്തിക്കുക ഇന്നു രാത്രി എന്റെ പ്രാണനെ നീ എടുത്താൽ..; സ്വാതന്ത്ര്യത്തിൽ നാം വസിക്കുന്നു ഏതു മനുഷ്യനും ഉറച്ചുനിന്നാലും ഒരു ശ്വാസം മാത്രം ആകുന്നു. മനുഷ്യരൊക്കെയും വെറും നിഴലായി നടക്കുന്നു നിശ്ചയം. ധനം സമ്പാദിക്കുന്നു ആര് അനുഭവിക്കും എന്നറിയുന്നില്ല.


ഈ മുകളിൽ പറഞ്ഞ കാര്യങ്ങൾ എത്രയോ നാം പലപ്പോഴും കേട്ടതാകാം, വായിച്ചറിഞ്ഞതാകാം. എന്നിട്ടും ദൈവത്തിനോടു കൂടെയല്ല നമ്മുടെ യാത്രയെങ്കിൽ തീരുമാനമെടുക്കാം സ്വർഗ്ഗത്തിൽ എനിക്ക് നിക്ഷേപം കരുതിവെക്കണമെന്ന്. എനിക്ക് ദൈവത്തിന്റെ ഇഷ്ടം അറിയണമെന്ന്. ലൂക്കോസ് 12 ാം അദ്ധ്യായം 47 ാം 48 ാം വാക്യം പറയുന്നു. "യജമാനന്റെ ഇഷ്ടം അറിഞ്ഞിട്ടു ഒരുങ്ങാതെയും അവന്റെ ഇഷ്ടം ചെയ്യാതെയുമിരിക്കുന്ന ദാസന്നു വളരെ അടി കൊള്ളും. അറിയാതെ കണ്ടു അടിക്കു യോഗ്യമായതു ചെയ്തവനോ കുറയ അടി കൊള്ളും; വളരെ ലഭിച്ചവനോടു വളരെ ആവശ്യപ്പെടും; അധികം ഏല്പിച്ചവനോടു അധികം ചോദിക്കും."

ദൈവം നമുക്കു ജീവിതത്തിൽ തന്നതൊക്കെയും സന്തോഷത്തോടെ പിറുപിറുപ്പില്ലാതെ സ്വീകരിക്കാം. നമുക്കു നല്കിയ കല്പന ഒന്നും ലംഘിക്കാതെ ലോകത്തിന് അനുരൂപപ്പെടാതെ ക്രിസ്തുവിന്റെ സ്വരൂപത്തോടു അനുരൂപപ്പെടാം. നന്മയും പൂർണ്ണ പ്രസാദവുമുള്ള ദൈവഹിതമെന്ത് തിരിച്ചറിഞ്ഞ് മനസ്സ് പുതുക്കി രൂപാന്തരപ്പെടാം. ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ...

JOB : 1 : 21

നഗ്നനായി ഞാൻ എന്റെ അമ്മയുടെ ഗർഭത്തിൽ നിന്നു
പുറപ്പെട്ടു വന്നു, നഗ്നനായി തന്നേ മടങ്ങിപ്പോകും.
യഹോവ തന്നു, യഹോവ എടുത്തു, യഹോവയുടെ
നാമം വാഴ്ത്തപ്പെടുമാറാകട്ടെ എന്നു പറഞ്ഞു.

# അഗാപെ കൈയ്യെഴുത്തു മാസിക




**Email id: agape.magasine@gmail.com**

## പന്ത്രണ്ടു ചാരന്മാർ

ദൈവം യിസ്രായേലിനു നൽകാം എന്ന് വാഗ്ദാനം ചെയ്ത കനാൻ ദേശത്തെ ഒറ്റുനോക്കുവാൻ ആളുകളെ അയക്ക എന്ന് കർത്താവ് മോശെയോട് അരുളിച്ചെയ്തു. ഓരോ ഗോത്രത്തിൽ നിന്നും ഓരോ വ്യക്തിയെ അയക്കുവാൻ കല്പിച്ചു. കർത്താവിന്റെ കല്പന പ്രകാരം മോശ പന്ത്രണ്ടുപേരെ തിരഞ്ഞെടുത്തു കനാൻ ദേശത്തെ കുറിച്ചും, ദേശനിവാസികളെക്കുറിച്ചും അറിഞ്ഞു വരുവാൻ പറഞ്ഞയച്ചു.

ദേശം എങ്ങനെയുള്ളത്, അതിൽ കുടിയിരിക്കുന്ന ജനം ബലവാന്മാരോ, ബലഹീനരോ, ചുരുക്കമോ അധികമോ?, അവർ പാർക്കുന്നത് കൂടാരങ്ങളിലോ പട്ടണങ്ങളിലോ, ദേശം പുഷ്ടിയുള്ളതോ, ശുഷ്കമോ എന്നിങ്ങനെ നോക്കിയറിയിൻ, മടങ്ങ ആ ദേശത്തിലെ ഫലങ്ങളും കൊണ്ടുവരണം.

അവർ പോയി. കനാൻ ദേശത്തു വസിച്ചു. ആ ദേശം വളരെ നല്ലത് എന്ന് അവർ കണ്ടു. എന്നാൽ അവിടുത്തെ ജനം, വളരെ പൊക്കവും വണ്ണവും ഉള്ളവരായിരുന്നു. നാല്പതു ദിവസത്തെ രഹസ്യനിരീക്ഷണത്തിനു ശേഷം. അവർ മടങ്ങിയെത്തി. ദൈവം അനുവദിച്ചപ്രകാരം ഒരു മുന്തിരിക്കുല അവർ കൊണ്ടുവന്നു. ആ കുല ഒരു തണ്ടിന്മേൽ ചുമന്നു കൊണ്ടുപോകുവാൻ രണ്ടുപേർ വേണ്ടിവന്നു. അത്ര നല്ലതും വലുതുമായിരുന്നു ആ ദേശത്തെ ഫലങ്ങൾ.

കനാൻ ദേശത്തുനിന്നും മടങ്ങിയെത്തിയ പന്ത്രണ്ടുപേർ, മോശയ്ക്ക് ഫലങ്ങൾ കാണിച്ചു. അവരിൽ പത്തുപേർ മോശയോട് പറഞ്ഞു, "കനാൻ ദേശത്തെ നിവാസികൾ മല്ലന്മാരും ഭയങ്കരന്മാരുമാണ്. അവിടുത്തെ പട്ടണങ്ങൾ എല്ലാം കോട്ടകളാൽ ചുറ്റപ്പെട്ടതാണ്. അവർ വളരെയധികം ശക്തന്മാരാണ്. നമുക്ക് അവരെ ഒരിക്കലും കീഴ്പ്പെടുത്തുവാനാകില്ല. ആ ദേശത്തു പോകുവാനും കഴിയില്ല. അവരുടെ മുമ്പിൽ നമ്മൾ വെറും വെട്ടുക്കിളികളെ പോലെയാണ്."

എന്നാൽ പന്ത്രണ്ടുപേരിൽ ശേഷിച്ച രണ്ടുപേരായ യോശുവയും കാലേബും പറഞ്ഞു, "നമുക്ക് ഉടനെ പോയി ആ ദേശം കൈവശപ്പെടുത്താം. അതു കീഴടക്കുവാനുള്ള ശക്തി നമുക്കുണ്ട്." ദൈവം വാഗ്ദാനം ചെയ്ത തേനും പാലും ഒഴുകുന്ന കനാൻ ദേശത്തേക്കു പോകുവാൻ യിസ്രായേൽ ജനം തയ്യാറായില്ല.

അവർ ജോഷ്വയെയും കാലേബിനെയും കല്ലെറിയാൻ ഒരുങ്ങി. കർത്താവ് അപ്പോൾ സമാഗമ കൂടാരത്തിൽ ഇസ്രായേലിനു പ്രത്യക്ഷപ്പെട്ടു. കർത്താവ് മോശയോട് അരുളിച്ചെയ്തു: "ഈ ജനം എത്രനാളും എന്നെ പ്രകോപിപ്പിക്കും. അവരുടെ ഇടയിൽ ഞാൻ പ്രവർത്തിച്ചിട്ടുള്ള അടയാളങ്ങൾ കണ്ടിട്ടും എത്രനാൾ എന്നെ അവർ വിശ്വസിക്കാതിരിക്കും".

ദൈവം അവരെ ശിക്ഷിക്കുവാൻ തീരുമാനിച്ചു. അവരെ നശിപ്പിക്കുമെന്ന് പറഞ്ഞു. ഇതുകേട്ട് മോശ കർത്താവിനോട് യാചിച്ചു. ഇതുവരെ ക്ഷമിച്ചതുപോലെ ഇപ്പോഴും അവരുടെ അപരാധം ക്ഷമിക്കുവാൻ മോശ കർത്താവിനോട് യാചിച്ചു.

മോശയുടെ അപേക്ഷ സ്വീകരിച്ച് കർത്താവ് അവരോട് ക്ഷമിച്ചു. "നിന്റെ അപേക്ഷ സ്വീകരിച്ച് ഞാൻ ക്ഷമിച്ചിരിക്കുന്നു. എന്നാൽ ഈ ജനം കാനാൻ ദേശത്തു പ്രവേശിക്കുകയില്ല. എന്നെ അവിശ്വസിച്ചതിനാൽ അവർ നാല്പതു വർഷം കാനാൻ ദേശത്തു പ്രവേശിക്കുകയില്ല. എന്നാൽ ശത്രുക്കൾക്ക് ഇരയാകും എന്ന് ഭയപ്പെട്ട ഇവരുടെ മക്കൾ അവിടെ പ്രവേശിക്കും."

അങ്ങനെ അവർ നാല്പതു വർഷം മരുഭൂമിയിൽ അലഞ്ഞുതിരിഞ്ഞു. നാല്പതു ദിവസത്തെ നിരീക്ഷണമായതിനാൽ പന്ത്രണ്ടു ചാരന്മാർ കാനാൻ ദേശത്തു ചുറ്റിയ ഓരോ ദിവസത്തിനും ഒരു വർഷം വീതം എന്ന പ്രകാരം അവർ മരുഭൂമിയിൽ അലയേണ്ടി വന്നു. അവരുടെ അകൃത്യത്തിന് പ്രായശ്ചിത്തം ചെയ്തും ദൈവ വിശ്വാസത്തിൽ വളർന്നും അവർ മരുഭൂമിയിൽ അലഞ്ഞു.


ഒടുവിൽ നാല്പതു വർഷത്തിനു ശേഷം കാനാൻ ദേശത്തു ഇസ്രായേൽ ജനം പ്രവേശിച്ചപ്പോൾ അവരുടെ കൂട്ടത്തിൽ ദൈവ വിശ്വാസത്തിൽ ഉറച്ചു നിന്നിരുന്ന ജോഷ്വയും കാലേബും ഉണ്ടായിരുന്നു.

വിശുദ്ധഗ്രന്ഥത്തിലെ ഈ സംഭവം നമുക്കു ഒരു ഗുണപാഠമേകുന്നുണ്ട്. അത് നമ്മുടെ പ്രവൃത്തികൾ മറ്റുള്ളവരിൽ എപ്രകാരം സ്വാധീനം ചെലുത്തുന്നു എന്നതാണ്. നമ്മുടെ ഉറപ്പുള്ളതും വ്യക്തവുമായ മനോഭാവം, നമ്മുടെ സഹജീവികളിൽ നല്ലൊരു സ്വാധീനം വരുത്തുവാനാകും.

അവരുടെ ജീവിത വ്യാപാരങ്ങളിലും മുന്നോട്ടു കുതിക്കുവാനുള്ള പ്രോത്സാഹനമായി അത് കണക്കാക്കപ്പെടും. എന്നാൽ നാം കാണിക്കുന്ന നിഷേധാത്മകമായ നിലപാട് മറ്റുള്ളവരെ പലപ്പോഴും നിരുത്സാഹപ്പെടുത്തും.

രണ്ടാമതായി കർത്താവ് നമ്മോട് പറയാൻ ആഗ്രഹിക്കുന്നത് നമ്മുടെ ____ പ്രവർത്തികൾ നാം സ്വയം ചെയ്തുതീർക്കുവാൻ സാധിക്കുകയില്ല. ദൈവത്തിന്റെ പരമമായ കരസ്പർശം അവയ്ക്കാവശ്യമാണ്. ഏതു കാര്യത്തിലും ധൈര്യം സംഭരിച്ച് കർത്താവിൽ ആശ്രയിച്ചാൽ അവിടുന്ന് നമ്മെ സഹായിക്കും!

# അഗാപെ കൈയ്യെഴുത്തു മാസിക




Email id: agape.magasine@gmail.com

## ചോദ്യാവലി.

1. ഫറവോൻ യോസേഫിനു ഇട്ട പേരെന്ത്?
   സാപ്നത്ത് പനേഹ്.
2. യിസ്രായേൽ മക്കൾ മിസ്രയിമിൽ കഴിഞ്ഞ പരദേശവാസം എത്രവർഷം.
   430.
3. മസ്സാ എന്ന വാക്കിന്റെ അർത്ഥം?
   പരീക്ഷ.
4. യഹോവ നിസ്സി. എന്ന വാക്കിന്റെ അർത്ഥം?
   യഹോവ എന്റെ കൊടി.
5. യഹോവ ശമ്മാ എന്ന വാക്കിന്റെ അർത്ഥം?
   ഈ ചോദ്യത്തിന്റെ ഉത്തരം അയക്കേണ്ട വിലാസം
   agape.magasine@gmail.com

കഴിഞ്ഞ ലക്കത്തിലെ ചോദ്യത്തിന്റെ ഉത്തരം.

ചോദ്യം. മെതുശലഹ് എന്ന പേരിന്റെ അർത്ഥം?
ഉത്തരം: അവന്റെ മരണം കൊണ്ടുവരും.

മെതുശലഹിന്റെ മരണത്തോടു കൂടി ഭൂമിയിൽ ജലപ്രളയം ഉണ്ടാകും എന്നതാണ് അന്തർലീനമായ അർത്ഥം. മെതുശലഹ് 969-ാമത്തെ വയസ്സിൽ മരിച്ചപ്പോൾ ഭൂമിയിൽ ജലപ്രളയം ഉണ്ടായി.

വിദ്യ: റെജി വർഗ്ഗീസ്. മുംബൈ.


STORY-THREE TREES

കഥ...

# മൂന്ന് മരങ്ങളുടെ കഥ

ഒരിക്കൽ ഒരു കുന്നിൻ ചരുവിൽ മൂന്ന് കൊച്ചു മരങ്ങൾ വളരുന്നുണ്ടായിരുന്നു. വളർന്നു വലുതായിക്കഴിയുമ്പോൾ തങ്ങൾക്ക് ആരൊക്കെ എന്തൊക്കെ ആയിത്തീരണമെന്ന് അവയും സ്വപ്നങ്ങൾ നെയ്തിരുന്നു. ഇടയ്ക്കിടക്ക് അവ തങ്ങളുടെ മോഹങ്ങൾ മറ്റുള്ളവരുമായി പങ്കുവയ്ക്കുമായിരുന്നു.

അവയിൽ ഒന്നാമൻ പറഞ്ഞു. "എന്റെ ആഗ്രഹം വില പിടിച്ചുള്ള നിധികൾ സൂക്ഷിക്കുന്ന പെട്ടിയാകണം എന്നതാണ്. അതിൽ നിറയെ രത്നാഭരണങ്ങളും സ്വർണ്ണനാണയങ്ങളും ഉണ്ടായിരിക്കണം. എന്നെ കാണുവാൻ തന്നെ എല്ലാവരും കൊതിക്കുന്ന തരത്തിലുള്ള പെട്ടിയായിരിക്കും ഞാൻ".

രണ്ടാമൻ, തന്റെ അരികിലൂടെ ഒഴുകുന്ന നീർച്ചാൽ നോക്കിയിട്ടു പറഞ്ഞു. "എന്റെ ആഗ്രഹം സമുദ്രത്തിലെ വലിയൊരു കപ്പലിന്റെ ഭാഗമായിത്തീരണമെന്നാണ്. രാജാക്കന്മാരും രാജ്ഞിമാരും ഒക്കെ ആ കപ്പലിൽ യാത്ര ചെയ്യും"

മൂന്നാമത്തെ മരം പറഞ്ഞു, "എന്റെ ആഗ്രഹം ഈ കുന്നിൻ ചരുവിൽ തന്നെ നൂറ്റാണ്ടുകളോളം നില്ക്കണമെന്നതാണ്. അങ്ങനെ വളർന്ന് വളർന്ന് ഞാൻ ഈ ഭൂമിയിലെ ഏറ്റവും തലയെടുപ്പുള്ള മരമായിത്തീരും. എല്ലാവരും എന്നെ അത്ഭുതത്തോടെ നോക്കും."

വർഷങ്ങൾ പലതും കടന്നുപോയി. കാറ്റും മഴയും വേനലും വർഷവും ശരത്കാലവും ഒക്കെ മാറി മാറി വന്നു. മരങ്ങൾ നല്ലവണ്ണം വളർന്നു. ഒരു ദിവസം കുറെ മരം വെട്ടുകാർ മഴുവും ഈർച്ചവാളുകളുമൊക്കെയായി ആ കുന്നിലേക്കു കടന്നു വന്നു. ആദ്യത്തെ മരത്തെ നോക്കി ഒരു മരം

വെട്ടുകാരൻ പറഞ്ഞു. "കൊള്ളാം. ഇത് നല്ല തടിതന്നെ. ഇത്തരത്തിലുള്ള ഒരു തടിയെയാണ് എനിക്കാവശ്യം." അയാൾ ആ മരം മുറിച്ചപ്പോൾ മരം സന്തോഷിച്ചു. "ഇപ്പോൾ ഇയാൾ എന്നെ നിധികാക്കുന്ന മനോഹരമായ പെട്ടിയാക്കാൻ തച്ചന്റെ അടുക്കൽ കൊണ്ടുപോകും."

അടുത്ത മരം വെട്ടുകാരൻ രണ്ടാമത്തെ മരത്തിന്റെ അടുത്തെത്തി അതിനെ നോക്കിയിട്ടു പറഞ്ഞു, "ഈ തടി കൊള്ളാം വെള്ളത്തിൽ കേടുകൂടാതെ കിടക്കുവാനുള്ള കരുത്ത് ഇതിനുണ്ട്." ആ മരവും സന്തോഷിച്ചു. "ഞാനിതാ കപ്പലിന്റെ ഭാഗമാകാൻ പോകുന്നു. ഇനി എനിക്ക് ലോകം മുഴുവൻ ചുറ്റിക്കറങ്ങാം. എന്നിലൂടെ രാജാക്കന്മാർ സഞ്ചരിക്കും."

തലയെടുപ്പോടെ നിന്നിരുന്ന മൂന്നാമത്തെ മരത്തിനടുത്തേക്ക് മൂന്നാമത്തെ മരം വെട്ടുകാരൻ എത്തി. തന്റെ ആകാരവും സൗന്ദര്യവും അയാൾ ശ്രദ്ധിക്കുന്നില്ല എന്നു കണ്ടപ്പോൾ ആ മരത്തിന് പ്രയാസം തോന്നി. എന്തോ പിറുപിറുത്തുകൊണ്ട് അയാൾ തന്റെ മഴു ആഞ്ഞു വീശി. മൂന്നാമത്തെ മരം നിലം പതിച്ചു. എന്താണാവോ തന്റെ ഭാവി എന്ന വ്യാകുലതയോടെ.

ആദ്യത്തെ മരം ഒരു ആശാരിപ്പണിക്കാരന്റെ പുരയിലെത്തി. "എന്റെ സ്വപ്നം ഇതാ സാക്ഷാത്കരിക്കപ്പെടാൻ പോകുന്നു" എന്നോർത്ത് അത് ഉള്ളിൽ സന്തോഷിച്ചു. പക്ഷേ സ്വർണ്ണാഭരണങ്ങളും രത്നങ്ങളും ഉൾക്കൊള്ളാൻ പറ്റിയ പെട്ടിയായിട്ടല്ല തച്ചൻ ആ മരത്തെ കണ്ടത്. കാലിത്തൊഴുത്തിലെ മൃഗങ്ങൾക്ക് പുല്ലും വൈക്കോലും മറ്റും ഇട്ടുകൊടുക്കുവാൻ പറ്റിയ ഒരു വലിയ പെട്ടിയായിട്ടാണ് തച്ചൻ അതിനെ ഉണ്ടാക്കിയത്. തന്റെയുള്ളിൽ നിധിയല്ല വെറും പുല്ലും വൈക്കോലുമാണല്ലോ എന്നോർത്ത് ആ മരം നെടുവീർപ്പിട്ടു.

രണ്ടാമത്തെ മരത്തെ കൊണ്ടുപോയത് ഒരു ബോട്ട് യാർഡിലേക്കാണ്. ഗലീലയിലെ സാധാരണ മത്സ്യബന്ധന വള്ളമായിട്ട് അത് രൂപാന്തരം പ്രാപിച്ചു. സമുദ്രത്തിന്റെ ആഴങ്ങളിൽ സഞ്ചരിക്കുന്ന കപ്പലാകാനുള്ള മോഹം അതോടെ അസ്തമിച്ചു.

മൂന്നാമൻ ചെറുതും വലുതുമായ തടികഷ്ണങ്ങളായി മാറ്റപ്പെട്ടു. എങ്കിലും പ്രത്യേക ആവശ്യം വരുമ്പോൾ പിന്നീട് ഉപയോഗിക്കാനായി.

ഓരോ ദിവസങ്ങൾ പിന്നെയും കടന്നുപോയി. മൂന്ന് മരങ്ങളും തങ്ങളുടെ സുന്ദര സ്വപ്നങ്ങൾ ശിഥിലമായിപ്പോയല്ലോ എന്നോർത്ത് വിധിയെ ശപിച്ചു. അങ്ങനെയിരിക്കുമ്പോൾ ഒരു ദിവസം ആദ്യത്തെ മരം കൊണ്ടുണ്ടാക്കിയ, ചരുക്കൾക്ക് തിന്നാനായി പുല്ലും വൈക്കോലും ഇട്ടു വയ്ക്കുന്ന പെട്ടിയുടെ അടുത്തേക്ക് ഒരാൾ കടന്നുവന്നു. തന്റെ ഭാര്യയുടെ കടിഞ്ഞൂൽ പുത്രനെ കിടത്തുവാൻ പറ്റിയ ഒരു സ്ഥലം അന്വേഷിക്കുകയായിരുന്നു അയാൾ. "ഈ പെട്ടി കൊള്ളാമല്ലോ, ഇതിൽ തന്നെയായിരിക്കട്ടെ ഉണ്ണിയുടെ കിടപ്പ്", എന്നു പറഞ്ഞ് അയാൾ ആ പെട്ടി പൊടിതട്ടിയെടുത്ത് അതിൽ കച്ചി മെത്തപോലെ വച്ച്, ഒരു പിള്ളക്കച്ച വിരിച്ച് ശിശുവിനെ അതിൽ കിടത്തി. അപ്പോഴാണ് ആ മരത്തിന് തന്റെ ഭാഗ്യം മനസ്സിലായത്. ദൈവപുത്രനായ യേശുവിനെയാണ് താൻ ഉൾക്കൊള്ളുന്നത്. ഇതിനേക്കാൾ വലിയൊരു നിധി ഒരു പെട്ടിയിലും ഉണ്ടാകില്ല!

കുറെ വർഷങ്ങൾക്കു ശേഷം ഒരു ദിവസം ഒരു ഗുരുവും അദ്ദേഹത്തിന്റെ കുറെ അനുയായികളും കൂടി ഗലീലി തടാകതീരത്ത് കെട്ടിയിരുന്ന, രണ്ടാമത്തെ മരം കൊണ്ടുണ്ടാക്കിയ തോണിയിൽ വന്നു കയറി. ഗുരു ക്ഷീണം കൊണ്ട് ഉറങ്ങിപ്പോയി. തോണി കുറെ ദൂരമെത്തിയപ്പോൾ പെട്ടന്ന് കൊടുങ്കാറ്റുണ്ടായി. വള്ളം മുങ്ങിപ്പോകുമോ എന്ന് ശിഷ്യന്മാർ ഭയപ്പെട്ടു. അവർ നിലവിളിച്ച് ഗുരുവിനെ ഉണർത്തി. ഗുരു കാറ്റിനെയും കടലിനെയും ശാസിച്ച് ശാന്തമാക്കി. അപ്പോഴാണ് രണ്ടാമത്തെ മരത്തിനു മനസ്സിലായത് താൻ വഹിക്കുന്നത് ആഴി നാഥനായ ക്രിസ്തുവിനെയാണ് എന്ന്.

വീണ്ടും കുറെ ദിവസങ്ങൾ കഴിഞ്ഞപ്പോൾ മൂന്നാമത്തെ മരത്തിന്റെ തടികളിൽ രണ്ടെണ്ണം ആരോ വന്നെടുത്തു. അത് കുരിശാക്കി പീലാത്തി വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട ഒരാളുടെ തോളിൽ വച്ചുകൊടുത്തു.

ഗോഗുൽത്താ മലയിൽ എത്തിയപ്പോൾ അവന്റെ കൈകളും കാൽകളും ആ മരത്തിനോടൊപ്പം ആണികളടിച്ച് ബന്ധിച്ചു. എന്നിട്ട് ആ കുരിശ് ആ കുന്നിൽ നാട്ടി. ആ മരത്തിലൂടെ ദൈവപുത്രന്റെ ചുടുനിണം വാർന്നൊഴുകി. താഴെ നിന്നിരുന്ന ഒരു പറ്റം ജനം ആ കുരിശിലേക്ക് നോക്കി നെടുവീർപ്പിട്ടു. അപ്പോഴാണ് താൻ . ലോകത്തിലേക്കും വച്ച് ഏറ്റവും ഉയർന്ന് നിൽക്കുന്ന മരമെന്ന് മൂന്നാമന് മനസ്സിലായത്.

അങ്ങനെ മൂന്നു മരങ്ങളുടെയും സ്വപ്നങ്ങൾ അവർ പ്രതീക്ഷിച്ചതിനെക്കാൾ അധികമായി സാക്ഷാത്കരിക്കപ്പെട്ടു.

നമുക്കും ജീവിതത്തിൽ ഒത്തിരി ഒത്തിരി സ്വപ്നങ്ങൾ ഉണ്ടായിരിക്കും. ഒരു പക്ഷേ, നമ്മൾ വിചാരിച്ചിരുന്ന വിധത്തിൽ അവയൊന്നും പൂർത്തീകരിക്കപ്പെട്ടു എന്നു വരില്ല. എന്നാൽ നമ്മുടെ ജീവിതം ദൈവത്തിന് വിട്ടുകൊടുക്കയാണെങ്കിൽ അവിടെ അത്ഭുതങ്ങൾ സംഭവിക്കും, നമ്മൾ ആഗ്രഹിച്ചിരുന്നതിനെക്കാൾ അധികമായി!

കടപ്പാട്: ഫാ. ചെറിയാൻ പഴമ്പാട്.

# അഗാപെ കൈയ്യെഴുത്തു മാസിക



Email id: agape.magasine@gmail.com